(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് ഉണ്ടായ കടബാദ്ധ്യത എത്രയായിരുന്നു;

(സി) അതിൽ ഈ ഗവൺമെൻറ് എത്ര കോടിയുടെ കടബാദ്ധ്യത നിറ വേറ്റിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം 2000 ആഗസ്ത് മുതൽ അടഞ്ഞു കിടന്നിരുന്ന കാപ്പക്സിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ടി പ്രവർത്തന ഫണ്ടായി 14-3-2002-ൽ 3 കോടി രൂപയും സേഫ്റ്റി നെറ്റിൽ വകയിരുത്തി 1.50 കോടി രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) കൊടുത്തു തീർക്കാനുള്ള മൊത്തം കടബാദ്ധ്യത 8.92 കോടി രൂപ ഉണ്ടാ യിരുന്നു. അതിൽ ബാങ്കിന് ഒ. ഡി. ഇനത്തിൽ 1.91 കോടി രൂപയും മറ്റു കടങ്ങൾ 7.01 കോടി രൂപയുമായിരുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം കാപ്പക്സിന്റെ കടബാ ദ്ധ്യത ഗവൺമെന്റ് ഏറ്റെടുത്തിട്ടില്ല. കാപ്പക്സിന്റെ പ്രവർത്തനത്തിന് അനുവദിച്ച 4½ കോടി (3+1.50)രൂപയിൽനിന്നും ഇ. എസ്. ഐ., ഇ. പി. എഫ്., ആർ. ഡബ്ലിയു. എഫ്. മുതലായ കുടിശ്ശിക ഇനത്തിലും അസംസ്കൃത വസ്തുക്കൾ വാങ്ങിയ ഇനത്തിൽ നൽകുവാനുണ്ടാ യിരുന്ന കുടിശ്ശികയിനത്തിലും കൂടി 2.94 കോടി രൂപയുടെ കടം കൊടുത്തുതീർത്തിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാദ്ധ്യത

31 [1170] ശ്രീ. കോവൂർ കുഞ്ഞുമോൻ:

„ എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ബാങ്കുകളിലെ എത്ര തുകയ്ക്കാണ് ഗ്യാരന്റി നിശ്ചയിച്ചിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളിൽനിന്നും പുതിയ വായ്പ അനുവദിച്ചിട്ടുണ്ടോ;

(ഡി) എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷൻ തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകി; കാപ്പക്സ് തൊഴിലാളികളുടെ തൊഴിൽദിനം പ്രതിവർഷം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോർപ്പറേഷൻ ഫാക്ടറികളും കാപ്പക്സ് ഫാക്ടറികളും അടഞ്ഞുകിടക്കുകയാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫാക്ടറികൾ എന്ന് തുറക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാദ്ധ്യതകൾ തീർക്കാനായി ദീർഘ കാല വായ്പ അനുവദിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) പാക്കിംഗ് ക്രെഡിറ്റ് ഇനത്തിൽ 50 കോടി രൂപയ്ക്കും ലെറ്റർ ഓഫ് ക്രെഡിറ്റ് ഇനത്തിൽ 25 കോടി രൂപയ്ക്കും ഗ്യാരന്റി 2004-ലേക്ക് പുതുക്കിനൽകണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) ഉണ്ട്. എന്നാൽ കടബാദ്ധ്യത തീർക്കുന്ന കാര്യത്തിലും ഗ്യാരന്റി പുതുക്കുന്ന കാര്യത്തിലും അന്തിമ ഉത്തരവും പുറപ്പെടുവിച്ചുകഴിഞ്ഞാലേ തുക പിൻവലിക്കാനാകൂ.

(ഡി) പാക്കിംഗ് ക്രെഡിറ്റിന്മേൽ 50 കോടി രൂപയും ലെറ്റർ ഓഫ് ക്രെഡിറ്റ് വകയിൽ 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 8/2001 മുതൽ 24-8-2003വരെയുള്ള കാലയളവിൽ കോർപ്പറേഷൻ ഫാക്ടറികളിൽ പ്രോസസിംഗ് ജോലികൾ ഇല്ലാതെ അടച്ചിട്ടിരിക്കുകയായിരുന്നു. 25-8-2003 മുതൽ ജോലി പുനരാരംഭിച്ച് കോർപ്പറേഷൻ തൊഴിലാളികൾക്ക് ഇതുവരെ 18 ദിവസത്തെ തൊഴിൽ നൽകിയിട്ടുണ്ട്. കാപ്പക്സിൽ 2002-ൽ 29 ദിവസവും 2003-ൽ 31 ദിവസവും തൊഴിൽ നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ ബാദ്ധ്യതകൾ തീർക്കുന്നതിനായി ദീർഘകാല വായ്പ അനുവദിക്കുന്ന കാര്യം സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞ് ബാങ്കുവായ്പകൾ ലഭ്യമായിത്തുടങ്ങുന്നമുറയ്ക്ക് ഫാക്ടറികൾ തുറക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.

എഴുകോൺ, നെടുവത്തൂർ, കല്ലുമ്പലം, മുഖത്തല എന്നിവിടങ്ങളിലെ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാത്തതിനാൽ തൊഴിലാളികൾക്കുള്ള ബുദ്ധിമുട്ട്

32 [1171] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ഉത്തരവിനെ തുടർന്ന് കേരളാ കശുവണ്ടി കോർപ്പറേഷനുകീഴിൽ പ്രവർത്തിച്ചിരുന്ന എഴുകോൺ, നെടുവത്തൂർ, കല്ലുമ്പലം, മുഖത്തല എന്നിവിടങ്ങളിലെ ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരികെ നൽകിയെങ്കിലും തുറന്നുപ്രവർത്തിപ്പിക്കാൻ ഫാക്ടറി ഉടമകൾ തയ്യാറായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly